**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **24-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി വീടുകളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉപ്പ് കലർന്ന കാറ്റ് കാരണം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ച് അവ അപകടാവസ്ഥയിലാകുന്നതായ ഗുരുതര സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾ ഉപ്പ് കലർന്ന കടൽക്കാറ്റ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ കേടുപാടുകൾ സംഭവിച്ച് അപകടാവസ്ഥയിലാകുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ പരിഗണിച്ചിട്ടുള്ളതാണ്. ഉപ്പ് കലർന്ന കടൽക്കാറ്റിന്റെ സ്വാധീനഫലമായി വീടുകളുടെ ജനൽപാളികളിലെ ലോഹഭാഗങ്ങൾ തുരുമ്പെടുക്കുക, കെട്ടിടങ്ങളുടെ കോൺക്രീറ്റ് മേൽക്കൂരകൾക്ക് ബലക്ഷയം സംഭവിക്കുക, കോൺക്രീറ്റ് പൊളിഞ്ഞുവീഴുക, ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുക തുടങ്ങിയ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>തീരദേശങ്ങളിലും ഓരുജല പ്രദേശങ്ങളിലുമുള്ള ഉപ്പുനീരിന്റെ സ്ഥിരസാന്നിധ്യം മൂലവും വീടുകൾക്ക് സ്വാഭാവികമായ ഘടനാപരമായ കേടുപാടുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പ്രശ്നപരിഹാരത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് കോളനി പുനരുദ്ധാരണ പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി എന്നിവ.<br><br>കൂടാതെ കേന്ദ്ര സർക്കാരിന്റെ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ ഒൻപത് തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളെ സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമങ്ങളായി പുനരുദ്ധരിക്കുന്നതിനായി 61.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ എടക്കഴിയൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി, താനൂർ എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ അറ്റകുറ്റ പ്രവൃത്തികൾ നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഉപ്പ് കലർന്ന കാറ്റ് കാരണം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ച് അവ അപകടാവസ്ഥയിലാകുന്നതായ ഗുരുതര സാഹചര്യം ഗൗരവത്തോടെ കണക്കിലെടുത്ത് ഫിഷറീസ് വകുപ്പ് മുഖേന "Fishermen Colony Reconstruction/Revamping" പദ്ധതി, Renovation of Fishermen Houses (Renovation and Maintenance of Old and Dilapidated Houses of Fisherfolk) എന്നിവ നടപ്പിലാക്കി വരുന്നു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ അതീവ ശോചനീയാവസ്ഥയിലുള്ള 184 കോളനി വീടുകളുടെ പുനർനിർമ്മാണത്തിനായി യൂണിറ്റ് ഒന്നിന് 4 ലക്ഷം നിരക്കിൽ ആകെ 7.36 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് പദ്ധതി മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ജില്ലാതലത്തിൽ അപേക്ഷകൾ ക്ഷണിച്ച് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പാക്കി വരുകയും ചെയ്യുന്നു. പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.<br><br>സംസ്ഥാനത്തെ തീരദേശ മേഖലകളിൽ ജീർണ്ണാവസ്ഥയിലായ മത്സ്യ ത്തൊഴിലാളികളുടെ വീടുകൾ പുനരുദ്ധരിക്കുന്നതിനായി 2025-26 സാമ്പത്തിക |

വർഷത്തിൽ “Renovation of Fishermen Houses (Renovation and Maintenance of Old and Dilapidated Houses of Fisherfolk)” എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതു സംബന്ധിച്ച് ആകെ 1000 ലക്ഷം രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുള്ളതും, പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഓരോ യൂണിറ്റിനും 1,00,000/- രൂപ വീതം രണ്ട് ഗഡുക്കളായി (50,000/- + 50,000/-) ധനസഹായം നൽകുന്നതുമാണ്. ടി പദ്ധതി പ്രകാരം ജില്ലാതലത്തിൽ അപേക്ഷ ക്ഷണിക്കുകയും, ഫീൽഡ് തല പരിശോധന നടത്തി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ജില്ലാതല കമ്മിറ്റി മീറ്റിംഗ് കൂടി നറുക്കെടുപ്പിലൂടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലാതലത്തിൽ നടത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ കരാർ ഒപ്പുവെയ്ക്കുമ്പോൾ ഒന്നാം ഗഡു തുക അനുവദിക്കുന്നു. തുടർന്ന് പണി പൂർത്തിയാക്കി കഴിയുമ്പോൾ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു തുകയും അനുവദിക്കുന്നു. നിലവിൽ എല്ലാ ജില്ലകളിലും ആദ്യ ഗഡു തുക വിതരണം ആരംഭിച്ചിട്ടുള്ളതും, പ്രവൃത്തി പുരോഗതിയുടെ അടിസ്ഥാനത്തിൽ രണ്ടാം ഗഡു വിതരണവും നടന്നു വരുന്നതുമാണ്. ശേഷിക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനും, പദ്ധതി നിശ്ചിത കാലയളവിൽ പൂർത്തീകരിക്കുന്നതിനും, ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>ജില്ലകൾക്കുള്ള ടാർജറ്റ്, അനുവദിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ</u>**

| ക്രമ നം. | ജില്ല | അനുവദിച്ച ടാർജറ്റ് (യൂണിറ്റുകൾ) | അനുവദിക്കപ്പെടുന്ന തുക |
|---|---|---|---|
| 1 | കാസർഗോഡ് | 50 | 50,00,000 |
| 2 | കണ്ണൂർ | 50 | 50,00,000 |
| 3 | കോഴിക്കോട് | 100 | 1,00,00,000 |
| 4 | തൃശ്ശൂർ | 100 | 1,00,00,000 |
| 5 | കൊല്ലം | 50 | 50,00,000 |
| 6 | ആലപ്പുഴ | 200 | 2,00,00,000 |
| 7 | മലപ്പുറം | 150 | 1,50,00,000 |
| 8 | എറണാകുളം | 75 | 75,00,000 |
| 9 | തിരുവനന്തപുരം | 225 | 2,25,00,000 |
| | ആകെ | 1000 | 10,00,00,000 |

നിലവിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവന നവീകരണത്തിനായി നാളിതുവരെ 3.77 കോടി രൂപ അനുവദിക്കുകയും 6.23 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

സംയോജിത ആധുനിക തീരദേശ മത്സ്യഗ്രാമങ്ങളായി പുനരുദ്ധരിക്കുന്ന PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ എടക്കഴിയൂർ, മലപ്പുറം ജില്ലയിലെ പൊന്നാനി, താനൂർ എന്നീ മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ പുനരുദ്ധരിക്കുന്ന പദ്ധതിയും പുരോഗമിക്കുന്നു.

| | | | |
|---|---|---|---|
| (സി) | മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ പൊതു ശൗചാലയങ്ങൾ പണിത് നൽകുന്നതിനും മത്സ്യബന്ധനവും അനുബന്ധ | (സി) | പൊതു ശൗചാലയങ്ങൾ നിർമ്മിക്കുകയും ആയത് നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും മത്സ്യ മേഖലയിൽ ശുചിത്വവും ആരോഗ്യവും ഉറപ്പ് വരുത്താൻ കഴിയുന്നതുമാണ്. |

| | | | |
|---|---|---|---|
| | പ്രവൃത്തികളും തൊഴിലാളി സൗഹൃദമാക്കുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ? | | എറണാകുളം ജില്ലയിൽ മത്സ്യത്തൊഴിലാളി മേഖലകളിൽ കൂടുതൽ പൊതു ശൗചാലയങ്ങൾ പണിത് നൽകുന്നതിനും, പ്രധാന മന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതി പ്രകാരം നടപ്പാക്കുന്ന Integrated Modern Coastal Fishing Village പദ്ധതി പ്രകാരം ചെല്ലാനം, നായരമ്പലം എന്നീ മത്സ്യഗ്രാമങ്ങളിലായി മൂന്ന് പൊതു ശൗചാലയ ബ്ലോക്കുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി പുരോഗമിച്ചു വരുന്നു. കൂടാതെ ചെല്ലാനം മത്സ്യഗ്രാമത്തിൽ Emergency Treatment & Rescue Block, നായരമ്പലം മത്സ്യഗ്രാമത്തിൽ Fish Landing Centre & Associated Infrastructure, Multi purpose Utility Centre എന്നിവയുടെ നിർമ്മാണവും പുരോഗമിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യ മാർക്കറ്റുകൾ സ്ഥാപിച്ചുവരുന്നു. ഓരോ മത്സ്യമാർക്കറ്റിലും മൊത്ത വിൽപ്പന/ചില്ലറ വിൽപ്പനക്കായി പ്രത്യേക സ്റ്റാളുകൾ, ഓരോ സ്റ്റാളുകളിലും സ്റ്റെയിൻലസ് സ്റ്റീൽ ഡിസ്പ്ലെ ട്രോളികൾ, സിങ്കുകൾ, ഡ്രെയിനേജ് സൗകര്യം, മലിനജല സംസ്കരണത്തിനായി ETP സൗകര്യങ്ങൾ, ചിൽ റൂം സൗകര്യം, റെസ്റ്റ് റൂം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ടി മത്സ്യ മാർക്കറ്റുകൾ തൊഴിലാളി സൗഹൃദമാകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| BIF HDF കോളനി പുനർനിർമ്മാണം (2023-24)<br>ജി.ഒ (ആർ.ടി).നം.45/2024/എഫ്&പി.ഡി തീയതി 24.01.2024<br>7.36 കോടി (ഭരണാനുമതി)<br>ഇതുവരെ പദ്ധതിയ്ക്കായി അനുവദിച്ച ആകെ തുക 1,64,50,000/-രൂപ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം. | ജില്ല | ടാർജറ്റ് | ഒന്നാം ഘട്ടം | | രണ്ടാം ഘട്ടം | | മൂന്നാം ഘട്ടം | | ആകെ അനുവദിച്ച തുക |
| | | | പൂർത്തീകരിച്ചവ | അനുവദിച്ച തുക | പൂർത്തീകരിച്ചവ | അനുവദിച്ച തുക | പൂർത്തീകരിച്ചവ | അനുവദിച്ച തുക | |
| 1 | തിരുവനന്തപുരം | 20 | 18 | 18,00,000 | 18 | 27,00,000 | 10 | 15,00,000 | 60,00,000 |
| 2 | കൊല്ലം | 20 | 2 | 2,00,000 | - | - | - | - | 2,00,000 |
| 3 | ആലപ്പുഴ | 25 | 13 | 13,00,000 | 13 | 19,50,000 | 13 | 19,50,000 | 52,00,000 |
| 4 | എറണാകുളം | 20 | അപേക്ഷകർ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല | NIL | NIL | NIL | NIL | NIL | NIL |
| 5 | തൃശ്ശൂർ | 20 | 3 | 3,00,000 | 3 | 3,00,000 | 2 | 3,00,000 | 9,00,000 |
| 6 | മലപ്പുറം | 20 | 4 | 4,00,000 | - | - | - | - | 4,00,000 |
| 7 | കോഴിക്കോട് | 20 | 12 | 12,00,000 | 9 | 13,50,000 | 4 | 6,00,000 | 31,50,000 |
| 8 | കണ്ണൂർ | 19 | അപേക്ഷകർ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല | - | - | - | - | - | - |
| 9 | കാസർഗോഡ് | 20 | 6 | 6,00,000 | - | - | - | - | 6,00,000 |
| | ആകെ | | | | | | | | 1,64,50,000 |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**